# ആശ്വാസദായകൻ

## മത്തായി 11:28

**“അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.”**

അദ്ധ്വാനത്തിന്റെയും ഭാരം ചുമക്കലിന്റെയും വസ്തുതയെ കുറിച്ച് ചിന്തിക്കുമ്പോൾ, നാം ഉൽപത്തി പുസ്തകത്തിന്റെ ആദ്യഭാഗങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് വളരെ നല്ലതായിരിക്കും. കാരണം ആദിയിൽ പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നു പോയ ആദാമിനോടും ഹൗവ്വയോടുമായ് ദൈവം കൽപ്പിക്കുന്ന വചനഭാഗമാണ് ഉൽപത്തി 3:16–21 വരെ നാം കാണുന്നത്. വാക്യം 17ന്റെ അവസാനം ഇപ്രകാരം പറയുന്നു, ‘നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു; നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്നു അഹോവൃത്തി കഴിക്കും.’ ഏദനിൽ ദൈവീക സാനിദ്ധ്യത്തിൽ നിത്യം വസിക്കേണ്ടിയിരുന ആദവും ഹൗവ്വയും ജീവിതത്തിൽ പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നപ്പോൾ അതിന്റെ പരിണിതഫലമായ് നേരിടേണ്ടി വന്ന അനുഭവം, ആയുഷ്കാലമൊക്കെയും കഷ്ടതയോടെ ഈ ശപിക്കപ്പെട്ട ഭൂമിയിൽ നിന്ന് അഹോവൃത്തി കഴിക്കേണ്ടിയ വലിയ ഒരു ജീവിതാനുഭവം, ദൈവകരങ്ങളിൽ കിടന്ന് പരിലാളന അനുഭവിക്കേണ്ടിയിരുന്ന അവർക്ക് സംഭവിച്ചത് നേരേ വിപരീതമായിട്ടായിരുന്നു. അന്നു തുടങ്ങി ഇങ്ങോട്ട് മനുഷ്യകുലത്തിന്റെ ശാപമായി നിന്ന പാപം, അവനെ മ്ലേച്ഛതയുടെ പടുകുഴിയിലേക്ക് തള്ളിവിടുകയായിരുന്നു. എന്നാൽ അവിടെയും അവനെ വിടാതെ പിന്തുടർന്ന ഒന്നുണ്ടായിരുന്നു, ഈ വലിയവനായ ദൈവത്തിന്റെ സ്നേഹം. ആ സ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ രക്ഷാകരപദ്ധതി അത് ഇന്ന് കർത്താവിലൂടെ നമ്മിൽ എത്തി നിൽക്കുമ്പോൾ നാം ഒരു കാര്യം മനസ്സിലാക്കണം, അവൻ നമ്മെ കൈവിടാത്ത ദൈവമാണ്. നമ്മുടെ എല്ലാ വികാരവിചാരങ്ങളെയും അറിഞ്ഞ് നമ്മെ ആശ്വസിപ്പിക്കുന്ന ദൈവമാണ്. അതിനാൽ പാട്ടുകാരൻ ഇപ്രകാരം പാടി ‘ആശ്വാസദായകനായ് എനിക്കേശു അരികിലുണ്ട്, എന്തെന്തു ഭാരങ്ങളേറി വന്നാലും എന്നെ കൈവിടാത്തവൻ’. അതെ അവൻ ആശ്വാസദായകനായ കർത്താവാണ്, എന്നെ കൈ വിടാത്ത നല്ല ദൈവമാണ്.

പ്രിയരേ, ഈ ഭൂമിയിൽ നമ്മെ ഓരോരുത്തരേയും ആക്കിവെച്ചിരിക്കുന്ന ദൈവം നമ്മിലോരോരുത്തരിലും നിന്നാഗ്രഹിക്കുന്നത്, നമ്മുടെ ഭാരങ്ങളും, പ്രയാസങ്ങളും എല്ലാം അവനിലേക്ക് ഇറക്കിവെയ്ക്കണം എന്നു തന്നെയാണ്; കാരണം അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്‌വാൻ സാദ്ധ്യമല്ല. എന്നാൽ അതിനു വിപരീതമായി നമ്മുടെ ജീവിതത്തിൽ

ഉണ്ടാവുന്ന പ്രവൃത്തികൾ കാണുമ്പോൾ ദൈവവചനം നമ്മെ സ്നേഹത്തോടെ ഓർപ്പിക്കുകയാണ്, അവനെ കൂടാതെയുള്ള നിന്റെ അദ്ധ്വാനങ്ങളും പ്രയത്നങ്ങളും വ്യർഥമായിപ്പോകും എന്ന്. എന്നാൽ അവന്റെ വചനങ്ങൾ പ്രമാണിക്കുകയും അവൻ കൽപ്പിച്ചതിൻപ്രകാരം നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുകയും ചെയ്യാൻ നാം തയ്യാറാണെങ്കിൽ നമ്മുടെ ജീവിതത്തിൽ നാം ആശ്വാസം കണ്ടെത്തുക തന്നെ ചെയ്യും. കർത്താവു പറയുന്നു, അവന്റെ നുകം മൃദുവും, ചുമടു ലഘുവും ആകുന്നു എന്ന്. അവന്റെ കൽപനകളെയും, പ്രമാണങ്ങളെയും, നാം അനുസരിക്കേണ്ടിയതിനു ആക്കിവെച്ചിരിക്കുന്ന ചട്ടങ്ങളെയും കുറിച്ചാണ് അവൻ ഇവിടെ നമ്മെ ഓർമ്മിപ്പിക്കുന്നത്. അതു വെറുതെ പറഞ്ഞു പോകുകയല്ല ചെയ്യുന്നത്, അവന്റെ നുകം ഏറ്റു കൊണ്ട് അവനോടു പഠിപ്പാനാണ് നമ്മോട് ആഹ്വാനം ചെയ്യുന്നത്. കാരണം നമ്മെ സൃഷ്ടിച്ചവനും നമ്മെ പരിപാലിക്കുന്നവനും അതിലുപരി ഒരു മനുഷ്യനായി ഈ ഭൂമിയിൽ കടന്നുവന്ന് പാപമൊഴികെ, ഒരു പച്ചയായ മനുഷ്യനായി ഈ ലോകത്തിൽ വിളങ്ങിയവനുമാണ് നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തു. താൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ പിതാവിന്റെ ഹിതം നിറവേറ്റാൻ അവനിൽ ആശ്രയിച്ച് അവന്റെ അരുളപ്പാടുകൾക്ക് ചെവിക്കൊടുത്തവനാണവൻ.

പ്രിയ ദൈവപൈതലേ, ഇന്ന് നമ്മുടെ ഹൃദയത്തിൽ ചില ചോദ്യങ്ങൾ മുഴങ്ങട്ടെ, ഞാൻ ആശ്വാസമില്ലാതെ അലയുകയാണോ? എന്റെ ജീവിതത്തിന്റെ അനുഭവങ്ങളിൽ ഞാൻ അദ്ധ്വാനിക്കുന്നതും പ്രവൃത്തിക്കുന്നതുമൊക്കെ എന്റെ സ്വയത്തിനെ ആശ്രയിച്ചു കൊണ്ടാണോ? എങ്കിൽ ഒരു ഉടച്ചുവാർക്കലിന്റെ വലിയ അനുഭവം ജീവിതത്തിൽ വേണ്ടിയിരിക്കുന്നു എന്ന് നാം മനസിലാക്കാൻ വൈകരുത്. കാരണം ഒടുവിൽ താഴെയിറക്കാൻ കഴിയാത്തത്ര ഭാരം പേറി നാം ആരാണെന്നു പോലും തിരിച്ചറിയാൻ സാധിക്കാതെ അവന്റെ സന്നിധിയിൽ പോയി നിൽക്കേണ്ടിയ ഒരു അനുഭവം ഉണ്ടായേക്കാം. ഒരുപക്ഷെ അന്ന് നിന്റെ ഭാരം താഴെയിറക്കി നിനക്ക് ആശ്വാസം പകർന്നു തരാനുള്ള സമയം അതിക്രമിച്ചേക്കാം. വൈകരുത് പ്രിയ ദൈവപൈതലേ, വൈകരുത്; നിങ്ങളുടെ മനസ്സിനെ ക്രിസ്തുവിലേക്ക് തിരിക്കാൻ ഒട്ടും വൈകരുത്. അവൻ ആശ്വാസദായകനാണ്, അവന്റെ നുകം മൃദുവും ചുമടു ലഘുവും ആണ്, അതേറ്റു കൊണ്ട് അവനോടു പഠിക്കാം, അവൻ നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം പകർന്നു തരുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

വെളിപ്പാട് 14:13

ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടിയതാകുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 185